"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീമതി ത്രേസ്യാ വറീത്, ചെറിയക്കര ഹൗസ്, കുനംപറമ്പിന് പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായമായി കൈപ്പറ്റിയ തുകയുടെ പലിശ ഒഴിവാക്കി മുതൽ തുക മാത്രം ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1921/2025/LSGD തീയതി,തിരുവനന്തപുരം, 04-08-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.04.2025 ലെ LSGD/PD/7226/2025-LSGD/PD/7226/2025- CSSA2 നമ്പർ കത്ത്

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിൽ മാള ബ്ലോക്ക് പഞ്ചായത്തിലെ 2016-17 PMAY(G) പദ്ധതി ഗുണഭോക്താവായ ശ്രീമതി ത്രേസ്യാ വറീത്, ചെറിയക്കര ഹൗസ്, കുനംപറമ്പ് ഭവന നിർമ്മാണ ധനസഹായ ഇനത്തിൽ രണ്ടു ഗഡുക്കളായി 80,000/- രൂപ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനെത്തുടർന്ന് മാള ബ്ലോക്ക് പഞ്ചായത്തിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നു. ടിയാളുടെ സഹതാപാർഹമായ ചുറ്റുപാടും സാമ്പത്തിക പരാധീനതയും കണക്കിലെടുത്ത് ഭവന നിർമ്മാണ ധനസഹായമായി കൈപ്പറ്റിയ 80,000/- രൂപ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് അനുവദിക്കുന്നതിനും പലിശ ഇനത്തിൽ അടവാക്കേണ്ട 61,335/- രൂപ ഒഴിവാക്കി നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിൽ നൽകുന്നതിന് 13.02.2025 തീയതിയിലെ അദാലത്ത് സമിതി തീരുമാനം മാള ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം എന്നിവ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി ത്രേസ്യാ വറീത് കൈപ്പറ്റിയ ധനസഹായത്തുക ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനും പലിശ ഒഴിവാക്കി നൽകുന്നതിനുമുള്ള അനുകൂല നടപടികൾ സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ, സംസ്ഥാനതല അദാലത്ത് സമിതി തീരുമാനം, മാള ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ പരിഗണിച്ച് തൃശ്ശൂർ ജില്ലയിൽ മാള ബ്ലോക്ക്

പഞ്ചായത്തിലെ. 2016-17 PMAY(G) പദ്ധതി ഗുണഭോക്താവായ ശ്രീമതി ത്രേസ്യാ വറീത്. ചെറിയക്കര ഹൗസ്. കുനംപറമ്പിന് പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായമായി കൈപ്പറ്റിയ 80,000/- രൂപയുടെ പലിശ ഇനത്തിൽ അടവാക്കേണ്ട 61,335/- രൂപ ഒഴിവാക്കി മുതൽ തുക മാത്രം ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ. തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. മാള. തൃശ്ശൂർ
ശ്രീമതി ത്രേസ്യാ വറീത്. ചെറിയക്കര ഹൗസ്. കുനംപറമ്പ്. മാള ,തൃശ്ശൂർ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്) ,കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ.വെബ്&ന്യൂ മീഡിയ .ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ.തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ